# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1541** **01.11.2019 ൽ മറുപടിയ്ക്ക്**

## കേരഗ്രാമം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.യു. ആർ. പ്രദീപ് | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് എത്ര കൃഷിഭവനുകളിൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കി വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | എ) സംസ്ഥാനത്ത് നാളിതുവരെ 202 കേരഗ്രാമങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. 2018-19 വർഷം ആരംഭിച്ച 77 കേരഗ്രാമങ്ങൾക്കുള്ള രണ്ടാംവർഷ പദ്ധതി സഹായം 84 കൃഷിഭവനുകളിൽ നടപ്പിലാക്കി വരുന്നുണ്ട്. അതോടൊപ്പം 2019-20 വർഷം പുതിയതായി 51 കേരഗ്രാമങ്ങൾ കൂടി നടപ്പിലാക്കിയിട്ടുണ്ട്. |
| ബി) കേരഗ്രാമം പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത് എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | ബി) തേങ്ങയുടെ ഉല്പാദനവും ഉല്പാദന ക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി രോഗം ബാധിച്ചതും പ്രായം ചെന്നതുമായ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തൈകൾ നടുക, സംയോജിത കീട-രോഗ നിയന്ത്രണം, സംയോജിത വളപ്രയോഗം, ഇടവിള കൃഷി പ്രോത്സാഹിപ്പിക്കൽ, ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ പ്രോത്സാഹനം, ഗുണമേന്മയുള്ള തൈകൾ കർഷകർക്ക് ലഭ്യമാക്കുക എന്നിവയാണ് കേരഗ്രാമ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. തെങ്ങ് കൃഷിയുടെ അഭിവൃദ്ധിക്കായി സംയോജിത പരിചരണ മുറകൾ, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ, ജൈവവള ഉല്പാദനം, തെങ്ങുകയറ്റ യന്ത്രങ്ങളുടെ വിതരണം എന്നീ പദ്ധതികളും സംയോജിത പരിചരണ മുറകളുടെ ഭാഗമായി തടം തുറക്കൽ, കള നിയന്ത്രണം, പുതയിടീൽ, തൊണ്ട് കുഴിച്ചിടീൽ, മണ്ണ് പരിപോഷണ വസ്തുക്കൾ, ജൈവ രാസ വളങ്ങൾ, ജീവാണു വളങ്ങൾ എന്നിവയുടെ പ്രയോഗം, പ്രായാധിക്യം വന്ന തെങ്ങ് മുറിച്ച് മാറ്റി മേൽത്തരം തെങ്ങിൻ തൈകൾ വച്ചുപിടിപ്പിക്കൽ, ഇടവിള കൃഷി എന്നിവയും നടപ്പിലാക്കുന്നു. ഇതിന് പുറമേ സാധ്യമായ കേരഗ്രാമങ്ങളിൽ മിനി കയർ |

| | | |
|---|---|---|
| | | നിർമ്മാണ/ സംസ്കരണ യൂണിറ്റുകൾ, കേരാധിഷ്ഠിത മൂല്യവർദ്ധിത ഉല്പന്ന നിർമ്മാണ യൂണിറ്റുകൾ തുടങ്ങിയ സംരംഭങ്ങളും പ്രോത്സാഹിപ്പിക്കുന്നു. |
| സി) | ഇതിനായി എത്ര കോടി രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട്; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | സി) നാളികേര വികസന പദ്ധതിയിൽ കേരഗ്രാമം പദ്ധതിക്കായി 4049.15 ലക്ഷം രൂപ വിവിധ ജില്ലകളിലേയ്ക്ക് ഇതുവരെ അനുവദിച്ചിട്ടുണ്ട്. ആയതിൽ 356.3 ലക്ഷം രൂപ 25/10/2019 വരെ ചെലവഴിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**